**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 327** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>പാലക്കാട് എലപ്പുള്ളിയിലെ ബ്രൂവറിയുടെ അംഗീകാരം റദ്ദാക്കിയ സംഭവം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അൻവർ സാദത്ത്

ശ്രീ. അൻവർ സാദത്ത്

ശ്രീ. സജീവ് ജോസഫ്

ഡോ. മാത്യു കുഴൽനാടൻ

ശ്രീമതി കെ. കെ. രമ

ശ്രീ. എം. ബി. രാജേഷ്

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** പാലക്കാട് എലപ്പുള്ളിയിലെ ബ്രൂവറിക്ക് നൽകിയ അംഗീകാരം റദ്ദാക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** പാലക്കാട് എലപ്പുള്ളിയിൽ എഥനോൾ പ്ലാന്റ്, ബ്ലെൻഡിങ് & ബോട്ടിലിംഗ് യൂണിറ്റ്, ബ്രൂവറി യൂണിറ്റ്, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/ വൈനറി പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിന് Oasis Commercial Pvt Ltd ന് പ്രാരംഭ അനുമതി നൽകി പുറപ്പെടുവിച്ച ഉത്തരവ് ബഹു. ഹൈക്കോടതി 19.12.2025 ലെ WP(PILL) 20, 51, 53, 54 & 99/2025 നമ്പർ കേസുകളിലെ വിധി പ്രകാരം റദ്ദാക്കിയ സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

**(ബി)** സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടായ വീഴ്ചകൾ കാരണമാണോ പാലക്കാട് എലപ്പുള്ളിയിലെ ബ്രൂവറിക്ക് നൽകിയ അംഗീകാരം ഹൈക്കോടതി റദ്ദാക്കിയത്; എങ്കിൽ പ്രസ്തുത വീഴ്ചകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കേന്ദ്ര സർക്കാരിന്റെ NITI Aayog Ministry of Petroleum and Natural Gas പ്രോഗ്രാമിന്റെ അടിസ്ഥാനത്തിൽ എഥനോൾ നിർമ്മാണം കൂട്ടുക എന്ന ലക്ഷ്യത്തോടെ 500 KL പ്രൊഡക്ഷൻ കപ്പാസിറ്റിയുള്ള എഥനോൾ പ്ലാന്റ് നിർമ്മിക്കുന്നതിനും അതോടൊപ്പം മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, IMFL ബോട്ടിലിംഗ് യൂണിറ്റ്, ബ്രൂവറി മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ്, ഇലക്ട്രിസിറ്റി ഉല്പാദന പ്ലാന്റ് എന്നിവ ഉൾപ്പെടെ 600 കോടി രൂപ മുതൽ മുടക്കിൽ സംയോജിത യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് അനുബന്ധ രേഖകൾ സഹിതം Oasis Commercial Pvt Ltd എന്ന സ്ഥാപനം അനുമതിക്കായി സമർപ്പിച്ചിരുന്നു. ടി സ്ഥാപനം പാലക്കാട് ജില്ലയിൽ എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ എലപ്പുള്ളി  വില്ലേജിൽ വേങ്ങോടി ദേശത്ത് ആരംഭിക്കുവാനാണ് അപേക്ഷിച്ചിരുന്നത്. ടി പ്രോജക്ട് 4 ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരുന്നത്.

ഈ പ്രോജക്ടിനു ആവശ്യമായ വെള്ളം നൽകുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ അനുമതി ലഭ്യമായിരുന്നു. നിലവിലെ നിയമപ്രകാരം Rain Water Harvesting നടത്തി മഴവെള്ളം സംഭരിക്കാനുള്ള പദ്ധതിയും കമ്പനി പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നു. ആയത് മൂലം ജലത്തിന്റെ

ച്ചൂഷണം പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുന്നതാണ്. ഈ രീതിയിലുള്ള മൾട്ടിഫീഡ് പ്രോജക്ട് കേരളത്തിൽ മാത്രമല്ല, തെക്കേ ഇന്ത്യയിൽ തന്നെ ആദ്യത്തെ സംരംഭമാണ്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഓയിൽ കമ്പനികൾ വിളിച്ച ടെൻഡറിൽ, Ethanol ഉത്പാദനത്തിന് പരിചയ സമ്പന്നരായ സംരംഭകരുടെ ലിസ്റ്റിൽ M/s. Oasis Commercial (P) Ltd മാത്രമാണ് കേരളത്തിൽ നിന്നും ഷോർട്ട് ലിസ്റ്റ് ചെയ്തിരുന്നത്. കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി സൗഹൃദ ഇന്ധന ഉപയോഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഭാവിയിൽ പെട്രോളിൽ 20% വരെ എഥനോൾ ചേർക്കുന്ന സാഹചര്യത്തിൽ ഇത്തരം ഒരു സംരംഭം കേരളത്തിന്റെ സാമ്പത്തിക മുന്നേറ്റത്തിന് സഹായകരമാകുവാൻ സാധ്യതയുണ്ടായിരുന്നു.

സംസ്ഥാനത്ത് മദ്യ ഉത്പാദനത്തിന് ആവശ്യമായ എക്സ്ട്ര ന്യൂടൽ ആൾക്കഹോൾ (ENA) നിലവിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തു വരികയാണ്. സംസ്ഥാനത്ത് മദ്യ ഉത്പാദനത്തിന് ആവശ്യമായ എക്സ്ട്ര ന്യൂടൽ ആൾക്കഹോൾ (ENA) കേരളത്തിൽ തന്നെ ഉത്പാദിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ഇത്തരത്തിലുള്ള ഡിസ്റ്റിലറികൾക്കും പുതിയ യൂണിറ്റുകൾക്കും അനുമതി നൽകുന്നത് പരിഗണിക്കുമെന്ന് സർക്കാർ മദ്യനയത്തിൽ വ്യക്തമാക്കിയിട്ടുണ്ടായിരുന്നു.

Kerala Distillery & Warehouse Rules, 1968, Kerala Foreign Liquor (Compounding, Blending & Bottling) Rules, 1975, Brewery Rules, 1967, Kerala Winery Rules, 1970 എന്നീ ചട്ടങ്ങൾ അനുസരിച്ച് സമർപ്പിച്ച അപേക്ഷ ആയതിനാലും, സർക്കാരിന്റെ മദ്യനയത്തിന്റെ അടിസ്ഥാനത്തിലുമാണ് പ്രാരംഭ അനുമതി നൽകിയത്. എല്ലാ നടപടിക്രമങ്ങളും പാലിച്ചുതന്നെയാണ് സർക്കാർ അനുമതി ഉത്തരവ് നൽകിയിട്ടുള്ളത്.

കിൻഫ്ര വാട്ടർ സപ്ലൈ സ്കീമിൽ നിന്നും വെള്ളം നൽകാമെന്ന് കേരള വാട്ടർ അതോറിറ്റി 16/06/2023 ൽ കത്ത് നൽകിയിരുന്നെങ്കിലും, പ്രസ്തുത സ്കീമും പ്രോജക്ടും പൂർത്തിയാകുന്ന മുറക്ക് മാത്രമേ യഥാർത്ഥ ജലലഭ്യതയും, ആവശ്യകതയും കണക്കാക്കാൻ സാധിക്കുവെന്ന് കേരള വാട്ടർ അതോറിറ്റി ബഹു. ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചതിനാലും, ടി സ്ഥലത്തെ ഭൂഗർഭ ജലത്തിനു കുറവ് സംഭവിക്കുമെന്നുള്ള സമീപവാസികളുടെ ഭീതിമൂലമുണ്ടായ എതിർപ്പും കാരണമാണ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത വിവിധ പൊതുതാല്പര്യ ഹർജികളിൽ ബഹു. കേരള ഹൈക്കോടതി 19.12.2025 ൽ പുറപ്പെടുവിച്ച വിധി പ്രകാരം പ്രാരംഭ അനുമതി ഉത്തരവ് റദ്ദ് ചെയ്തത്. ടി കമ്പനി ആവശ്യമായ രേഖകൾ സഹിതം പുതിയ അപേക്ഷ സമർപ്പിച്ചാൽ പരിഗണിക്കുന്നതിന് തടസ്സമില്ലെന്ന് ടി കോടതി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

നിലവിലുള്ള കേരള അബ്കാരി ആക്ട്, Kerala Distillery & Warehouse Rules, 1968, Kerala Foreign Liquor (Compounding, Blending & Bottling) Rules, 1975, Brewery Rules, 1967, Kerala Winery Rules, 1970 എന്നീ ചട്ടങ്ങൾ അനുസരിച്ച് സമർപ്പിച്ച അപേക്ഷ ആയതിനാലും സർക്കാരിന്റെ മദ്യനയത്തിന്റെ അടിസ്ഥാനത്തിലുമാണ് സർക്കാർ പ്രാരംഭാനുമതി നൽകിയിട്ടുള്ളത്. ടി അനുമതി നൽകിയതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ഭാഗത്തു നിന്നും വീഴ്ചകൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. അതിനാൽ ഈ വിഷയത്തിൽ അന്വേഷണം നടത്തേണ്ട ആവശ്യമില്ല.

**(സി)** നടപടിക്രമങ്ങൾ പാലിക്കാതെ പാലക്കാട് എലപ്പുള്ളിയിലെ ബ്രൂവറിക്ക് അനുമതി നൽകി എന്ന് പറയപ്പെടുന്ന സംഭവത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കേന്ദ്ര സർക്കാരിന്റെ NITI Aayog Ministry of Petroleum and Natural Gas പ്രോഗ്രാമിന്റെ അടിസ്ഥാനത്തിൽ എഥനോൾ നിർമ്മാണം കൂട്ടുക എന്ന ലക്ഷ്യത്തോടെ 500 KL പ്രൊഡക്ഷൻ കപ്പാസിറ്റിയുള്ള എഥനോൾ പ്ലാന്റ് നിർമ്മിക്കുന്നതിനും അതോടൊപ്പം മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, IMFL ബോട്ടിലിംഗ് യൂണിറ്റ്, ബ്രൂവറി മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ്, ഇലക്ട്രിസിറ്റി ഉല്പാദന പ്ലാന്റ് എന്നിവ ഉൾപ്പെടെ 600 കോടി രൂപ മുതൽ മുടക്കിൽ സംയോജിത യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് അനുബന്ധ രേഖകൾ സഹിതം Oasis Commercial Pvt Ltd എന്ന സ്ഥാപനം അനുമതിക്കായി സമർപ്പിച്ചിരുന്നു. ടി സ്ഥാപനം പാലക്കാട് ജില്ലയിൽ എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ എലപ്പുള്ളി ▯ വില്ലേജിൽ വേങ്ങോടി ദേശത്ത് ആരംഭിക്കുവാനാണ് അപേക്ഷിച്ചിരുന്നത്. ടി പ്രോജക്ട് 4 ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരുന്നത്.

ഈ പ്രോജക്ടിനു ആവശ്യമായ വെള്ളം നൽകുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ അനുമതി ലഭ്യമായിരുന്നു. നിലവിലെ നിയമപ്രകാരം Rain Water Harvesting നടത്തി മഴവെള്ളം സംഭരിക്കാനുള്ള പദ്ധതിയും കമ്പനി പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നു. ആയത് മൂലം ജലത്തിന്റെ ചൂഷണം പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുന്നതാണ്. ഈ രീതിയിലുള്ള മൾട്ടിഫീഡ് പ്രോജക്ട് കേരളത്തിൽ മാത്രമല്ല, തെക്കേ ഇന്ത്യയിൽ തന്നെ ആദ്യത്തെ സംരംഭമാണ്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഓയിൽ കമ്പനികൾ വിളിച്ച ടെൻഡറിൽ, Ethanol ഉത്പാദനത്തിന് പരിചയ സമ്പന്നരായ സംരംഭകരുടെ ലിസ്റ്റിൽ M/s. Oasis Commercial (P) Ltd മാത്രമാണ് കേരളത്തിൽ നിന്നും ഷോർട്ട് ലിസ്റ്റ് ചെയ്തിരുന്നത്. കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി സൗഹൃദ ഇന്ധന ഉപയോഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഭാവിയിൽ പെട്രോളിൽ 20% വരെ എഥനോൾ ചേർക്കുന്ന സാഹചര്യത്തിൽ ഇത്തരം ഒരു സംരംഭം കേരളത്തിന്റെ സാമ്പത്തിക മുന്നേറ്റത്തിന് സഹായകരമാകുവാൻ സാധ്യതയുണ്ടായിരുന്നു.

സംസ്ഥാനത്ത് മദ്യ ഉത്പാദനത്തിന് ആവശ്യമായ എക്സ്ട്ര ന്യൂട്രൽ ആൾക്കഹോൾ (ENA) നിലവിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തു വരികയാണ്. സംസ്ഥാനത്ത് മദ്യ ഉത്പാദനത്തിന് ആവശ്യമായ എക്സ്ട്ര ന്യൂട്രൽ ആൾക്കഹോൾ (ENA) കേരളത്തിൽ തന്നെ ഉത്പാദിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ഇത്തരത്തിലുള്ള ഡിസ്റ്റിലറികൾക്കും പുതിയ യൂണിറ്റുകൾക്കും അനുമതി നൽകുന്നത് പരിഗണിക്കുമെന്ന് സർക്കാർ മദ്യനയത്തിൽ വ്യക്തമാക്കിയിട്ടുണ്ടായിരുന്നു.

Kerala Distillery & Warehouse Rules, 1968, Kerala Foreign Liquor (Compounding, Blending & Bottling) Rules, 1975, Brewery Rules, 1967, Kerala Winery Rules, 1970 എന്നീ ചട്ടങ്ങൾ അനുസരിച്ച് സമർപ്പിച്ച അപേക്ഷ ആയതിനാലും, സർക്കാരിന്റെ മദ്യനയത്തിന്റെ അടിസ്ഥാനത്തിലുമാണ് പ്രാരംഭ അനുമതി നൽകിയത്. എല്ലാ നടപടിക്രമങ്ങളും പാലിച്ചുതന്നെയാണ് സർക്കാർ അനുമതി ഉത്തരവ് നൽകിയിട്ടുള്ളത്.

കിൻഫ്ര വാട്ടർ സപ്ലൈ സ്കീമിൽ നിന്നും വെള്ളം നൽകാമെന്ന് കേരള വാട്ടർ അതോറിറ്റി 16/06/2023 ൽ കത്ത് നൽകിയിരുന്നെങ്കിലും, പ്രസ്തുത സ്കീമും പ്രോജക്ടും പൂർത്തിയാകുന്ന മുറക്ക് മാത്രമേ യഥാർത്ഥ ജലലഭ്യതയും, ആവശ്യകതയും കണക്കാക്കാൻ സാധിക്കുവെന്ന് കേരള വാട്ടർ അതോറിറ്റി ബഹു. ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചതിനാലും, ടി സ്ഥലത്തെ ഭൂഗർഭ ജലത്തിനു കുറവ് സംഭവിക്കുമെന്നുള്ള സമീപവാസികളുടെ ഭീതിമൂലമുണ്ടായ എതിർപ്പും കാരണമാണ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത വിവിധ പൊതുതാല്പര്യ ഹർജികളിൽ ബഹു. കേരള ഹൈക്കോടതി 19.12.2025 ൽ പുറപ്പെടുവിച്ച വിധി പ്രകാരം പ്രാരംഭ അനുമതി ഉത്തരവ് റദ്ദ് ചെയ്തത്. ടി കമ്പനി ആവശ്യമായ രേഖകൾ സഹിതം പുതിയ അപേക്ഷ സമർപ്പിച്ചാൽ പരിഗണിക്കുന്നതിന് തടസ്സമില്ലെന്ന് ടി കോടതി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

നിലവിലുള്ള കേരള അബ്കാരി ആക്റ്റ്, Kerala Distillery & Warehouse Rules, 1968, Kerala Foreign Liquor (Compounding, Blending & Bottling) Rules, 1975, Brewery Rules, 1967, Kerala Winery Rules, 1970 എന്നീ ചട്ടങ്ങൾ അനുസരിച്ച് സമർപ്പിച്ച അപേക്ഷ ആയതിനാലും സർക്കാരിന്റെ മദ്യനയത്തിന്റെ അടിസ്ഥാനത്തിലുമാണ് സർക്കാർ പ്രാരംഭാനുമതി നൽകിയിട്ടുള്ളത്. ടി അനുമതി നൽകിയതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ഭാഗത്തു നിന്നും വീഴ്ചകൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. അതിനാൽ ഈ വിഷയത്തിൽ അന്വേഷണം നടത്തേണ്ട ആവശ്യമില്ല.

**സെക്ഷൻ ഓഫീസർ**